**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6156** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ശമ്പള കുടിശികയുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. ജീവനക്കാരുടെ ശമ്പളയിനത്തിൽ 1.61 കോടി രൂപയും നെയ്ത്തുകൂലി ഇനത്തിൽ 2.17 കോടി രൂപയും ഉൾപ്പെടെ മൊത്തം 3.78 കോടി രൂപ കുടിശ്ശികയുണ്ട്. |
| (ബി) | കോർപ്പറേഷനിൽ അവസാനമായി ശമ്പള വിതരണം നടന്നത് ഏതു മാസമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2022 ഡിസംബർ മാസത്തെ പകുതി ശമ്പളം 13.03.2023ൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്ന കാര്യത്തിൽ ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നോയെന്ന് അറിയിക്കുമോ; | (സി) | കോർപ്പറേഷനിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി WP(C) 17802/18 & 17928/18 എന്നീ കേസുകളിന്മേൽ 18.07.2019ൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ കോടതി ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ബഹു.കോടതി വിധിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഹാൻവീവിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ